Baithuzzakath Kerala
www.baithuzzakathkerala.org

ജീവിതങ്ങൾക്ക്
നിറം നൽകുന്നു

الزكاة

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA

# ബൈത്തുസ്സകാത്തിൽ പങ്കാളികളാവുക

ചുറ്റുമുള്ള മനുഷ്യർ അനുഭവിക്കുന്ന വേദനകൾ പലതാണ്. തലചായ്ക്കാൻ സുരക്ഷിത ഭവനമില്ലാത്തവർ, മാരക രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവർ, സാമ്പത്തിക പരാധീനത കാരണം വിദ്യാഭ്യാസം ഉപേക്ഷിക്കുന്നവർ, സ്ഥിരമായ തൊഴിലില്ലാത്തവർ, മോശമായ ജീവിത സാഹചര്യം മൂലം ബാലവേലയിലേക്കും അസാന്മാർഗികതയിലേക്കും നയിക്കപ്പെടുന്നവർ, നിത്യജീവിതം പോലും പ്രയാസത്തിലുള്ള നിരാലംബർ, അന്യായമായ കുറ്റങ്ങൾ ചാർത്തപ്പെട്ട് ജയിലിലിടക്കപ്പെട്ടവർ.

ചിരി മാഞ്ഞുപോയ ഈ മനുഷ്യരുടെ ജീവിതത്തിന് നിറം കൊടുക്കാൻ സകാത്തിലൂടെ നമുക്ക് സാധിക്കും. സക്കാത്ത് സംഘടിതമായി നൽകാം എന്ന് തീരുമാനിച്ചാൽ എത്ര മനുഷ്യരുടെ ജീവിതമാണെന്നോ പ്രതീക്ഷയും സന്തോഷവും നിറഞ്ഞതാവുക. കക്ഷിഭേദമന്യേ കേരളത്തിന്റെ പൊതുസകാത്ത് സംരംഭമായി ബൈത്തുസ്സകാത്ത് കേരള വികസിച്ചാൽ അനേകായിരം മനുഷ്യരുടെ ജീവിതങ്ങൾക്ക് തണൽ വിരിക്കാൻ സാധിക്കും.

കേരളത്തിലെ സകാത്ത് സംവിധാനം ശക്തിപ്പെടുത്തുന്നതിൽ താങ്കളുടെ പിന്തുണയും സഹകരണവും സുപ്രധാനമാണ്. ബൈത്തുസ്സകാത്ത് കേരളയുടെ ഭാഗമായി ചേർന്ന് ഇസ്‌ലാമിന്റെ സുപ്രധാന സ്തംഭമായ സകാത്തിനെ ശക്തിപ്പെടുത്താൻ കൈകോർക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

പ്രാർഥനയോടെ,

**വി.കെ അലി**
ചെയർമാൻ, ബൈത്തുസ്സകാത്ത് കേരള

# സകാത്ത് പ്രൊജക്റ്റ് സ്കീം





# വീട്

## ചോർന്നൊലിക്കുന്നവരുടെ ജീവിതത്തിന് മേൽക്കൂര കെട്ടാം..

വീടില്ലാത്തവരുണ്ട്,
സമാധാനത്തോടെ തല ചായ്ക്കാൻ
ഇടമില്ലാത്തവർ, മഴയും വെയിലുമേറ്റ്
കരുവാളിച്ചവർ, അവരെയും നമ്മോടു
ചേർത്ത് നിർത്താൻ നമുക്ക് ബാധ്യതയില്ലേ.
അവരുടെ ജീവിതവും ആഹ്ലാദം
നിറഞ്ഞതാക്കാൻ നമുക്ക് സാധിക്കില്ലേ.
വീടില്ലാത്ത മൂന്ന് ലക്ഷത്തോളം പേർ
സംസ്ഥാനത്തുണ്ടെന്നാണ്
ഗവൺമെന്റിന്റെ കണക്ക്.

**വീടു നിർമാണവുമായി ബന്ധപ്പെട്ട് മൂന്ന് രീതിയിലാണ് ബൈത്തുസ്സകാത്ത് അതിന്റെ ഫണ്ടുകൾ വിനിയോഗിക്കുന്നത്.**

1. പൂർണമായും വീട് നിർമിച്ച് നൽകുക.
2. തുടങ്ങി വെച്ച വീടു നിർമാണം പൂർത്തീകരിച്ചു നൽകുക.
3. മെയിന്റനൻസ് ചെയ്തു കൊടുക്കുക.

500 sqft ഉള്ള വീടുകളാണ് ബൈത്തുസ്സകാത്ത് നിർമിച്ച് നൽകുക. നിർമാണം പൂർത്തീകരിച്ച് നൽകലും മെയിന്റനൻസ് വർക്കുകളും 1000 sqft വരെയുള്ള വീടുകൾക്കും ഉണ്ടാകും.

50,000 മുതൽ 3.5 ലക്ഷം രൂപ വരെയുള്ള തുകകളാണ് ഈ സ്കീമിൽ നൽകുന്നത്.



# തൊഴിൽ

## തൊഴിൽ നൽകാം
## അനേകം ജീവിതങ്ങൾക്ക്
## അത്താണിയാകാം..

ഓരോരോ സംരംഭങ്ങളും
പൂട്ടിപ്പോകുന്ന വല്ലാത്തൊരു
ദുരിത കാലത്താണ് നമ്മളുള്ളത്.
എത്രയോ പേർക്കാണ്
തൊഴിൽ നഷ്ടപ്പെട്ടത്.
ഇനി എന്ത് ചെയ്യണമെന്നറിയാതെ
ഇരുട്ടിലായിപ്പോയ ഒരുപാട് പേരുണ്ട്.
അവർക്ക് കൈത്താങ്ങാകണ്ടേ,
തൊഴിൽ നൽകണ്ടേ.
കൂടെ ചേർത്ത് നിർത്തുന്ന അനേകരുള്ള
സൗന്ദര്യമുള്ള ലോകമാണിതെന്ന്
അവർക്ക് ബോധ്യപ്പെടണ്ടേ.

ബൈത്തുസകാത്ത്
ഈ പ്രൊജക്റ്റിൽ
1 ലക്ഷം മുതൽ
3 ലക്ഷം വരെയുള്ള
തുകകളാണ് നൽകുന്നത്.
ഓട്ടോറിക്ഷ, ഫാം,
കച്ചവടം, മത്സ്യബന്ധനം,
ടൈലറിംഗ് യൂണിറ്റ്
തുടങ്ങിയവക്കെല്ലാം
ഈ സ്കീമിൽ
സഹായം നൽകുന്നു.



# ചികിത്സ

## മാരക രോഗം കാരണം ഇനിയുമവർ വേദനിക്കരുത് ചികിൽസിക്കാം..

മാരക രോഗങ്ങൾ കാരണം പ്രയാസപ്പെടുന്നവർ അനവധിയാണ്. അസഹനീയമായ വേദനക്കൊപ്പം സാമ്പത്തികബുദ്ധിമുട്ട് കൂടി ആയാലോ. ജീവിതത്തിന്റെ തന്നെ താളം ആകെ തകിടം മറിയും. അതുകൊണ്ട് അവരെയും നമുക്ക് ചേർത്ത് പിടിക്കണം. പണമില്ലാത്തതിന്റെ പേരിൽ ചികിത്സ നിഷേധിക്കപ്പെടുന്നില്ലെന്ന് നമുക്ക് ഉറപ്പ് വരുത്തണം. അർഹരായവർക്ക് ചികിൽസാ സഹായം നൽകുന്ന പദ്ധതികളുമുണ്ട് ബൈത്തുസ്സകാത്ത് കേരളക്ക്. 50,000 മുതൽ 1 ലക്ഷം രൂപ വരെയാണ് വകയിരുത്തുന്നത്. സ്ഥിരമായി അസുഖമുള്ളവർക്ക് മെഡിക്കൽ പെൻഷനായി 1000 മുതൽ 3000 രൂപ വരെ നൽകുന്നു.

വേനൽകാലം അനവധി
നാടുകൾക്ക് ദുരിതകാലമാണ്.
കുടിവെള്ളമില്ലെങ്കിൽ പിന്നെ
എന്തുണ്ടായിട്ടെന്ത്...
വെള്ളമില്ലെങ്കിലുള്ള കാര്യം
നമുക്കാരും പറഞ്ഞ് തരേണ്ടതില്ല.
കുടിവെള്ള പ്രശ്നങ്ങൾ നമ്മുടെ
സംസ്ഥാനത്തിന്റെ പല
ഭാഗങ്ങളിലുമുണ്ട്. അത്തരം
സ്ഥലങ്ങളിൽ ആളുകൾക്ക്
കുടിവെള്ളം ലഭ്യമാക്കാൻ
ബൈത്തുസ്സകാത്ത് ഒരു
വിഹിതം മാറ്റി വെക്കുന്നു.



# കുടിവെള്ളം

കുടിനീരിനായ് അലയുന്ന
അനേകായിരങ്ങളുടെ
ദാഹമകറ്റാം..



# റേഷൻ/ പെൻഷൻ

ഉറപ്പിക്കാം, എന്റെ നാട്ടിലൊരാളും പട്ടിണിയിലല്ലെന്ന്..

ദൈനംദിന ആവശ്യങ്ങൾക്ക് നിവൃത്തിയില്ലാത്ത ഒരുപാട് പേർ നമുക്ക് ചുറ്റുമുണ്ട്. നിസ്സഹായരായ അവരെ കണ്ടില്ലെന്ന് വെക്കാൻ വിശ്വാസകളായ നമുക്ക് സാധിക്കുമോ. അത്തരമാളുകൾക്ക് പത്ത് മാസക്കാലം അവശ്യ സാധനങ്ങൾ നൽകുകയോ പെൻഷൻ നൽകുകയോ ചെയ്യുന്ന സ്കീം ആണിത്. കിടപ്പിലായവർ, വാർദ്ധക്യത്തിലെത്തിയവർ, സഹായിക്കാൻ ആരുമില്ലാത്ത അനാഥർ തുടങ്ങിയ ആളുകളെയാണ് ഈ സ്കീമിൽ പരിഗണിക്കുന്നത്.



# കടബാധ്യത

കടം വീട്ടാം
ആത്മവിശ്വാസമുള്ളവരാക്കാം..

കടബാധ്യതയാൽ
പൊറുതിമുട്ടി
ദൈനംദിന ജീവിതം
പരുങ്ങലിലായിപ്പോയ
അനേകരുണ്ട്.
അത്തരമാളുകൾക്ക്
കൈത്താങ്ങ് നൽകി
ആത്മാഭിമാനത്തോടെ
ജീവിക്കാനുള്ള
വഴിയൊരുക്കിക്കൊടുക്കുകയാണ്
ബൈത്തുസ്സകാത്ത്
ഈ സ്കീമിലൂടെ.
1 ലക്ഷം രൂപയാണ്
പരമാവധി ഈ സ്കീമിൽ
നൽകുക.



# വിദ്യാഭ്യാസം

## വിദ്യ നൽകാം
## വെളിച്ചം നൽകാം..

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് എല്ലാവർക്കും നല്ല ബോധ്യമുള്ള കാലമാണിത്. പണമില്ലാത്തതിന്റെ പേരിൽ ആർക്കും വിദ്യയുടെ വെളിച്ചം കിട്ടാതിരുന്നുകൂടാ. വിദ്യാഭ്യാസത്തിലൂടെയാണല്ലോ സാമൂഹിക പുരോഗതി കൈവരുന്നത്. അതു മനസ്സിലാക്കി ഒട്ടേറെ സ്കോളർഷിപ്പ് പദ്ധതികൾക്ക് ബൈത്തുസക്കാത്ത് രൂപം നൽകിയിട്ടുണ്ട്. പീപ്പിൾസ് ഫൗണ്ടേഷനുമായി ചേർന്നാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്.

# ബൈത്തുസ്സകാത്തിന്റെ പ്രത്യേകതകൾ

- സ്വതന്ത്ര സകാത്ത് സംവിധാനങ്ങളെ സംയോജിപ്പിക്കാനുള്ള സൗകര്യം
- പ്രാദേശിക, ഏരിയ, ജില്ലാ തലങ്ങളിൽ 1700 ഫീൽഡ് കോർഡിനേറ്റർമാരുൾക്കൊള്ളുന്ന പ്രവർത്തന ശൃംഖല
- സകാത്ത് സംരംഭങ്ങൾക്ക് മാർഗദർശനം, പരിശീലനങ്ങൾ, പ്രവർത്തന വിലയിരുത്തൽ
- സകാത്ത് ഗവേഷണത്തിന് ഫെലോഷിപ്പ്
- ജില്ലാതല സകാത്ത് സെമിനാറുകൾ
- സകാത്ത് കാൽകുലേറ്റർ
- സകാത്ത് കമ്മറ്റി ഭാരവാഹികൾക്കും ജീവനക്കാർക്കും വർക്ക്ഷോപ്പുകൾ, ട്രൈനിംഗുകൾ



ജീവിതങ്ങൾക്ക്
നിറം നൽകുന്നു

# 2022–23
# പദ്ധതികൾ



# പിന്നിട്ട 21 വർഷം
# തണലായിത്തീർന്ന ജനക്ഷേമ പദ്ധതികൾ




ഇഖ്റ ഹോസ്പിറ്റലുമായി സഹകരിച്ച്
ടപ്പാക്കുന്ന ചികിത്സ സഹായ പദ്ധതിയുടെ
ധാരണാ പത്രം കൈമാറുന്നു


അന്താരാഷ്ട്ര സക്കാത്ത് സെമിനാർ


സ്കോളർഷിപ്പ് ഇന്റർവ്യൂ


മണ്ണാർക്കാട് പീപ്പിൾസ് വില്ലേജ്








വയനാട് ചുണ്ടയിൽ നിർമിച്ച വീടിന്റെ
താക്കോൽദാനം ടി. സിദ്ദിഖ് എം.എൽ.എ
നിർവഹിക്കുന്നു

# നിങ്ങളുടെ സകാത്ത് കണക്കാക്കാം

| സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | |
|---|---|---|
| സ്വർണം, രത്നം മുത്ത്, പവിഴം തുടങ്ങിയവ | 85ഗ്രാം സ്വർണ്ണത്തിന്റെ ആഭരണമോ അതിന്റെ വിലക്കുള്ള മുത്തോ പവിഴമോ രത്നമോ ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| വെള്ളി | 595 ഗ്രാം | 2.5% |
| നെല്ല്, നാളികേരം, അടക്ക | കാർഷിക ചെലവും വിളവെടുപ്പ് ചെലവും കഴിച്ച് ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ല്/ തത്തുല്യമായ വിലക്ക് നാളികേരം, അടക്ക ഉണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവ് കഴിക്കുന്നില്ലെങ്കിൽ | 5% |
| റബർ, കശുവണ്ടി, കുരുമുളക്, തേയില തുടങ്ങിയവ | ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ലിന്റെ വിലക്ക് തുല്യമായ വരുമാനമുണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവ് കഴിക്കുന്നില്ലെങ്കിൽ | 5% |
| | നാണ്യവിളയായി പരിഗണിക്കുകയാണെങ്കിൽ $2\frac{1}{2}$ ശതമാനം -പ്രബലം ആദ്യത്തേതാണ് | |
| കപ്പ, കിഴങ്ങ്, ചേന, ചേമ്പ്, വാഴ, പയർ, വെള്ളരി, മാങ്ങ, ചക്ക, പപ്പായ തുടങ്ങിയവ | കൃഷിക്കും വിളവെടുപ്പിനുമുള്ള ചെലവു കഴിച്ച് ഒരു വർഷം ഏകദേശം 650 കിലോഗ്രാം അരിയുടെ വിലക്ക് തുല്യമായ വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| വാടക കെട്ടിടം, വ്യവസായം, ഗോട്ട് ഫാം, പൗൾട്രി ഫാം, ട്രാവൽ ഏജൻസി, ബസ്സ്, ജീപ്പ്, ഓട്ടോറിക്ഷ, ആശുപത്രി സ്കൂൾ തുടങ്ങിയവ | നടത്തിപ്പ് ചെലവും കൂലിയും ഡിപ്രിസിയേഷനും കഴിച്ച് ഏകദേശം 650 കിലോഗ്രാം അരിയുടെ വില വാർഷിക വരുമാനമുണ്ടെങ്കിൽ വരവിന്റെ (85 ഗ്രാം സ്വർണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളൂവെന്നും $2\frac{1}{2}$ ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്) | 10% |
| മൊത്തം കാർഷിക വിളകൾ | ഓരോയിനത്തിനും സകാത്തിന്റെ പരിധിയെത്താതിരിക്കുകയും വിവിധ കാർഷികയിനങ്ങളിൽ നിന്നായി ഒരു വർഷം 650 കിലോഗ്രാം അരിയുടെ വില വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| കച്ചവടം | കച്ചവടച്ചെലവും കൂലിയും ടാക്സും കഴിച്ചുള്ളഒരു കൊല്ലത്തെ ലാഭവും കൊല്ലം തികയുമ്പോൾ കടയിലുള്ള വിൽപന ച്ചരക്കിന്റെ വിലയും കൂട്ടി 85 ഗ്രാം സ്വർണത്തിന്റെ വിലയുണ്ടെങ്കിൽ ആകെയുള്ളതിന്റെ. (കിട്ടാക്കടം, ചരക്ക് വാങ്ങിയ വകയിൽ ഇടപാടുകാർക്ക് കൊടുക്കാനുള്ള പണം എന്നിവ കിഴിക്കാവുന്നതാണ്) | 2.5% |

| സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | |
|---|---|---|
| ശമ്പളം, കൂലി, ഡോക്ടർമാരുടെ ഫീസ്, എഞ്ചിനീയർമാരുടെ സൂപ്പർവിഷൻ ഫീ, കൺസൽട്ടൻസി ഫീ, കമ്മീഷൻ തുടങ്ങിയവ | അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് ഒരുവർഷം 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ (വ്യക്തിയാണെങ്കിലും കമ്പനിയാണെങ്കിലും കൺസൽട്ടൻസി ഫീസ്, ശമ്പളം, കമ്മീഷൻ തുടങ്ങിയവ നിസാബ് തികഞ്ഞ സംഖ്യയാണെങ്കിൽ അത് കൈവശം വരുന്ന സന്ദർഭത്തിൽ തന്നെ സകാത്ത് നൽകണം) | 2.5% |
| മത്സ്യം | വ്യാപാര ചരക്കാണെങ്കിൽ | 2.5% |
| | മത്സ്യ ബന്ധനം നടത്തുന്നവർ ലഭിച്ച വരുമാനത്തിന്റെ ചെലവ് കഴിച്ച് | 10% |
| | ചെലവ് കഴിക്കാതെ | 5% |
| ബോണസ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, ഗ്രാറ്റിവിറ്റി തുടങ്ങിയവ | 85 ഗ്രാം സ്വർണത്തിന്റെ വിലക്ക് സമാനമായ സംഖ്യ ഉണ്ടെങ്കിൽ | 2.5% |
| ഷെയർ (കച്ചവടം) | കച്ചവടക്കാരൻ സകാത്ത് കൊടുക്കുന്നില്ലെങ്കിൽ ഷെയർ സംഖ്യയും ലാഭവിഹിതവും കൂടി 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| ഷെയർ (വ്യവസായം, സ്കൂൾ, വാടക കെട്ടിടം, ആശുപത്രി തുടങ്ങിയവയിൽ) | വാർഷിക വരുമാനം 650 കിലോഗ്രാം അരിയുടെ വില ഉണ്ടെങ്കിൽ വരുമാനത്തിന്റെ (85 ഗ്രാം സ്വർണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളൂവെന്നും $2\frac{1}{2}$ ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്) | 10% |
| റിയൽ എസ്റ്റേറ്റ് | ഒരുവർഷത്തെ ലാഭവും വർഷാവസാനം കൈവശമുള്ള വിൽപന ഭൂമിയുടെ വിലയും കൂടി 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ (ഭൂമി എപ്പോഴാണോ വിൽപന നടത്തുന്നത് അപ്പോൾ മാത്രമേ അതിന് സകാത്ത് നൽകേണ്ടതുള്ളൂ എന്ന അഭിപ്രായവുമുണ്ട്) | 2.5% |
| നിധി, കരിങ്കല്ല്, വെട്ടുകല്ല്, മണൽ തുടങ്ങിയവ | ചെലവും കൂലിയും കഴിച്ചുള്ള വരവിന്റെ | 20% |
| മൊത്തം വരവ് | കാർഷിക വരുമാനം സകാത്തിന്റെ പരിധിയെത്തില്ല, കച്ചവടവും എത്തിയില്ല, എന്നാൽ അവയും ശമ്പളവും മറ്റു പലവിധ വരവും കൂട്ടി അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ | 2.5% |

Baithuzzakath Kerala
www.baithuzzakathkerala.org

**FEDERAL BANK**

SCAN QR CODE TO PAY

BAITHUZZAKATH KERALA

**AXIS BANK**

SCAN AND PAY

Account Name : BAITHUZZAKATH KERALA
A/c.No. : 13890100118107
Bank : **FEDERAL BANK**, Branch: S.M STREET
IFSC Code :FDRL0001389.

Account Name : BAITHUZZAKATH KERALA
A/c.No.: 13890200007325
Bank : **FEDERAL BANK**, Branch : S.M STREET
IFSC Code :FDRL0001389.

Account Name : BAITHUZZAKATH KERALA
A/c.No. : 917010070927988
Bank : **AXIS BANK**, Branch : MAVOOR ROAD
IFSC Code :UTIB0002916

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA

26/1168 A, Ponmuliparambu, Kottooli P.O, Arayidathupalam,
Mavoor Road, Kozhikode -16, Phone: 0495 274 3701, Mob: 7736504822
E-mail: baithuzzakathkerala@gmail.com